Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH
FEDERAL BANK
സമൂഹനന്മ കുട്ടികളിലൂടെ

# സീഡ്

Student Empowerment for Environmental Development

## കൈപ്പുസ്തകം 2022-23




പ്രകൃതിയുമായി
യോജിച്ച് സുസ്ഥിരമായി
ജീവിക്കാം

മാതൃഭൂമി

വേണം
സുരക്ഷയ്ക്കും
പ്രാധാന്യം

FEDERAL BANK
YOUR PERFECT BANKING PARTNER



# Only One EARTH

Living Sustainably in Harmony with Nature

**8432 Schools**

2021-22 വിദ്യാഭ്യാസവർഷത്തിൽ 8432 വിദ്യാലയങ്ങളാണ് സീഡിൽ പ്രവർത്തിച്ചത്. 31ലക്ഷം വിദ്യാർഥികളും 10,000ത്തിലധികം അധ്യാപകരും സീഡിന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# പ്രകൃതിയുമായി യോജിച്ച് സുസ്ഥിരമായി ജീവിക്കാം

വിദ്യാർഥികളെ പ്രകൃതിയോടൊപ്പം നടത്താനായി മാതൃഭൂമി തുടങ്ങിയ സീഡ് പദ്ധതി പതിന്നാലാംവർഷത്തിലേക്ക് കടക്കുകയാണ്.

കേരളത്തിലെ പ്രമുഖ ധനകാര്യസ്ഥാപനമായ ഫെഡറൽ ബാങ്കിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ വിദ്യാർഥികളുടെ ഏറ്റവും വലിയ പരിസ്ഥിതിപ്രസ്ഥാനമായി സീഡ് മാറിക്കഴിഞ്ഞു. പ്രകൃതിയുടെ ജീവൻ കവരുന്ന പല പ്രവണതകളും കരുത്താർജിച്ചുവരുന്ന ഈ കാലത്ത് നമ്മുടെ ഉത്തരവാദിത്വങ്ങളും വർധിക്കുകയാണ്. ജീവന്റെ നിലനിൽപ്പിന് ഒരേയൊരു ഭൂമി മാത്രമേയുള്ളൂവെന്ന കാര്യം എല്ലാവരെയും ബോധ്യപ്പെടുത്താൻ നമ്മുടെ പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതുണ്ട്.





**പിണറായി വിജയൻ**
മുഖ്യമന്ത്രി

സമൂഹനന്മ കുട്ടികളിലൂടെ എന്ന ലക്ഷ്യം മുൻനിർത്തി മാതൃഭൂമിയും ഫെഡറൽ ബാങ്കും സംയുക്തമായി കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കിവരുന്ന സീഡ് പദ്ധതി 14-ാം വർഷത്തിലേക്ക് കടക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

പരിസ്ഥിതിസംരക്ഷണത്തിലൂടെ മാത്രമേ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താനാകൂ. അതിനാൽ പ്രകൃതിയെ കരുതലോടെ പരിപാലിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സ്കൂൾവിദ്യാർഥികളിൽ പ്രകൃതിസംരക്ഷണത്തിന്റെ സന്ദേശം എത്തിക്കുന്നതിന് സീഡ് പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. സീഡിന്റെ തുടർപ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.



**വി. ശിവൻകുട്ടി**
വിദ്യാഭ്യാസമന്ത്രി

സമൂഹനന്മ കുട്ടികളിലൂടെ എന്ന ലക്ഷ്യം മുൻനിർത്തി മാതൃഭൂമി കേരളത്തിലെ വിദ്യാലയങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന സ്റ്റുഡന്റ് എംപവർമെന്റ് ഫോർ എൻവയോൺമെന്റൽ ഡെവലപ്മെന്റ് എന്ന പദ്ധതിക്ക് എല്ലാ ആശംസകളും നേരുന്നു. 2009-ൽ ആരംഭിച്ച ഈ ഉദ്യമം പതിന്നാലാം വർഷത്തിലേക്ക് കടന്നു എന്നറിഞ്ഞതിൽ സന്തോഷം.

പ്രകൃതി നമ്മുടെ അമ്മയാണ്. ഈ അമ്മയുടെ വാത്സല്യം ആവോളം നുകരാൻ മനുഷ്യർ ചില നിയന്ത്രണങ്ങൾ സ്വയം ഏർപ്പെടുത്തേണ്ടതുണ്ട്. ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശങ്ങൾക്കൊപ്പംതന്നെ ചില കടമകളും നാം നിറവേറ്റേണ്ടതുണ്ട്. നമ്മുടെ ജീവൻ നിലനിർത്തുന്ന പ്രകൃതിയുടെ ആരോഗ്യകരമായ നിലനിൽപ്പിനുവേണ്ടി നമുക്ക് അണിചേരാം.

*മാതൃഭൂമിക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.*

# ഒന്നിച്ച് പ്രവർത്തിക്കാം... ഭൂമിക്കായി

2022 ജൂൺ അഞ്ചുമുതൽ 2023 ജനുവരി 31 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഈ വർഷത്തെ അവാർഡ് ജേതാക്കളെ നിർണയിക്കുക. സ്കൂളിൽ നടത്തിയ പരിപാടികളുടെ സമ്പൂർണവിവരങ്ങളടങ്ങുന്ന റിപ്പോർട്ടാണ് അവാർഡിനായി സമർപ്പിക്കേണ്ടത്.

പരിപാടികളുടെ വിശദാംശങ്ങൾ, നോട്ടീസ്, ഫോട്ടോ, വീഡിയോ എന്നിവയെല്ലാം റിപ്പോർട്ടിനൊപ്പം ചേർക്കാം. സീഡ് റിപ്പോർട്ടുകൾ 2023 ഫെബ്രുവരി 28-നകം മാതൃഭൂമി ജില്ലാ ഓഫീസിൽ എത്തിക്കണം. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തിയ സ്കൂളുകളെ തിരഞ്ഞെടുക്കും.

സ്കൂളുകളിൽ പ്രത്യേക ജൂറി സന്ദർശനം നടത്തി വിലയിരുത്തിയശേഷമേ അവാർഡ് ജേതാക്കളെ നിർണയിക്കുകയുള്ളൂ. സീഡ് പദ്ധതിയിൽ മുൻപ് രജിസ്റ്റർചെയ്തിട്ടുള്ള സ്കൂളുകൾ വീണ്ടും രജിസ്റ്റർചെയ്യേണ്ടതില്ല. ഹെഡ്മാസ്റ്റർ /പ്രിൻസിപ്പൽ, സീഡ് കോഡിനേറ്റർ ഇവർ മാറിയിട്ടുണ്ടെങ്കിൽ മാതൃഭൂമി പ്രതിനിധിയെ അറിയിക്കണം.

എൽ.പി. വിഭാഗംമുതൽ ഹയർ സെക്കൻഡറിവരെയുള്ള സ്കൂളുകൾക്കും കോളേജുകൾക്കും പദ്ധതിയിൽ പങ്കാളികളാവാം. എൽ.പി. വിഭാഗത്തിന് പ്രത്യേക സമ്മാനങ്ങളുണ്ട്. എന്നാൽ ഇവർക്ക് പൊതുവിഭാഗത്തിൽ മത്സരിച്ച് സമ്മാനം നേടുന്നതിന് തടസ്സമില്ല.

കൈകോർത്ത് നിൽക്കാം

# നല്ല നാളേക്കായി

ഈ വർഷത്തെ പ്രവർത്തനങ്ങളെ
അഞ്ച് പ്രധാന വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്



1. കാർഷികം
2. ജല-ഊർജ സംരക്ഷണം
3. സുരക്ഷ
4. ശുചിത്വം, ആരോഗ്യം
5. ജൈവവൈവിധ്യ സംരക്ഷണം


Mathrubhumi Seed
Student Empowerment for Environmental Development

IN PARTNERSHIP WITH
FEDERAL BANK





## 1 കാർഷികം



- **ജൈവക്കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുക,** വിദ്യാലയങ്ങളിലും കുട്ടികളുടെ വീടുകളിലും കൃഷിത്തോട്ടമൊരുക്കാം. എന്റെ കൃഷിത്തോട്ടം പദ്ധതി നടപ്പിലാക്കാം. മികച്ച കുട്ടിക്കർഷകർക്ക് ജില്ലാതലത്തിൽ സമ്മാനം.
- ഇലയറിവുമേള, ജൈവഭക്ഷ്യമേള എന്നിവ സംഘടിപ്പിക്കാം.
- ഓരോ കാലാവസ്ഥയിലും ഉണ്ടാകുന്ന പഴങ്ങൾ പാഴാക്കാതെ ഉപയോഗിക്കാനുള്ള രീതികൾ പരിശീലിപ്പിക്കാം.
- കാർഷികവിളകൾക്കുണ്ടാകുന്ന രോഗബാധയെക്കുറിച്ചും അതിന്റെ ജൈവപ്രതിരോധ മാർഗങ്ങളെക്കുറിച്ചും പഠിക്കാം.
- നവീന കൃഷിരീതികൾ നടപ്പിലാക്കാം.
- മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്താം.

## 2 ജലം-ഊർജസംരക്ഷണം

- ജലഗുണനിലവാര പരിശോധന.
- ജല ഓഡിറ്റ് നടപ്പിലാക്കുക.
- നിങ്ങളുടെ പ്രദേശത്തെ ജലസ്രോതസ്സുകളുടെ അവസ്ഥ പഠിക്കാം.
- ജലസ്രോതസ്സുകൾ ദത്തെടുക്കാം.
- കഴിഞ്ഞ 10 വർഷത്തിനിടയിൽ നിങ്ങളുടെ പ്രദേശത്ത് നശിപ്പിക്കപ്പെട്ട, മലിനമാക്കപ്പെട്ട ജലസ്രോതസ്സുകൾ കണ്ടെത്താം.
- പുഴനടത്തം സംഘടിപ്പിക്കാം; നിങ്ങളുടെ പ്രദേശത്തുള്ള പുഴയുടെ ആരംഭംമുതൽ കടലിൽ ചെന്ന് പതിക്കുന്നതുവരെയുള്ള സ്ഥലങ്ങൾ സന്ദർശിച്ച് പഠനം നടത്തി അതിന്റെ റിപ്പോർട്ട് തദ്ദേശസ്ഥാപന അധികാരികൾക്ക് കൈമാറാം.
- നിങ്ങൾ നടപ്പിലാക്കിയ ബോധവത്കരണ, സംരക്ഷണ പ്രവർത്തനങ്ങളിലൂടെ എത്ര കിലോ ലിറ്റർ വെള്ളം സംരക്ഷിച്ചുവെന്നതിന്റെ കണക്കുകൾ രേഖപ്പെടുത്തുക.
- പൊതുവിടങ്ങളിൽ തണലൊരുക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വംനൽകാം.
- വൈദ്യുതോർജം ലാഭിക്കാൻ വിവിധ പ്രവർത്തനങ്ങൾ നടത്തുകയും അതിലൂടെ എത്രമാത്രം ഊർജം ലാഭിക്കാൻ കഴിഞ്ഞുവെന്ന് രേഖപ്പെടുത്തുകയും ചെയ്യുക.



## 3 സുരക്ഷ



- സ്കൂളുകളിൽ സുരക്ഷാക്ലബ് രൂപവത്കരിച്ച് സ്കൂളിൽ നിലവിലുള്ള സുരക്ഷാമാർഗങ്ങളെക്കുറിച്ച് പഠിക്കുകയും പുതിയ സുരക്ഷാമാർഗങ്ങളെക്കുറിച്ച് വിദ്യാർഥികളിൽ ബോധവത്കരണം നടത്തുകയും ചെയ്യുക.
- പ്രളയം, ഭൂചലനം തുടങ്ങിയ പെട്ടെന്നുള്ള പ്രകൃതിക്ഷോഭങ്ങൾ വരുമ്പോൾ വിദ്യാർഥികൾ അവലംബിക്കേണ്ട അടിയന്തര രക്ഷാമാർഗങ്ങളെക്കുറിച്ച് ക്ലാസ് നൽകാം.
- ദുരന്തലഘൂകരണ പ്രവർത്തന പരിശീലനം നൽകാം.
- പ്രഥമശുശ്രൂഷാക്ലാസുകൾ വിദ്യാർഥികൾക്ക് നൽകാം.
- അഗ്നിസുരക്ഷ, ട്രാഫിക്സുരക്ഷ, ഭക്ഷ്യസുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട നോട്ടീസ് വിതരണംചെയ്യാം.
- സീഡ് സുരക്ഷാക്ലബ്ബിന്റെ പ്രവർത്തനം സീഡ് പോലീസിന്റെ നേതൃത്വത്തിലായിരിക്കണം.
- സുരക്ഷിതമായ പഠനാന്തരീക്ഷം വിദ്യാർഥികളുടെ അവകാശമാണ് . വിദ്യാർഥികൾക്ക് മാനസികവും സാമൂഹികവുമായ പിന്തുണ ഉറപ്പാക്കാൻ കൗൺസിലിങ്, മാനസികാഘാത ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവയൊക്കെ നടപ്പിലാക്കാവുന്നതാണ്.

## സീഡ് റിപ്പോർട്ടർ

സീഡ് പ്രവർത്തനങ്ങളെ സമൂഹവുമായി കൂട്ടിയിണക്കുന്ന പ്രധാന കണ്ണിയാണ് സീഡ് റിപ്പോർട്ടർ. സ്കൂളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന സീഡ് റിപ്പോർട്ടർമാർക്ക് മാതൃഭൂമി പത്രം, ഓൺലൈൻ പോർട്ടൽ, ന്യൂസ് ചാനൽ, എഫ്.എം. റേഡിയോ എന്നിവയിൽ വാർത്തകളും മറ്റും റിപ്പോർട്ട്ചെയ്യാൻ പരിശീലനം നൽകും.

പരിസ്ഥിതിപ്രശ്നങ്ങൾ മാത്രമല്ല, ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര ശ്രദ്ധ ആവശ്യമുള്ള കാര്യങ്ങളും സീഡ് റിപ്പോർട്ടർമാർക്ക് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാനാകും. ചെറുപ്രായത്തിൽതന്നെ പത്രത്തിൽ എഴുതാനും ചാനലിലടക്കം വാർത്തകൾ അവതരിപ്പിക്കാനും സീഡ് റിപ്പോർട്ടർമാർക്ക് അവസരം ലഭിക്കുന്നു.


**കേരളത്തിലെ പതിന്നാല് ജില്ലകളിൽ നിന്നായി നിരവധി പ്രശ്നങ്ങളാണ് വിദ്യാർഥികൾ റിപ്പോർട്ട് ചെയ്തത്. അവയിൽ പലതിലും അധികാരികൾ നേരിട്ട് ഇടപെട്ട് നടപടി സ്വീകരിച്ചു**

യു.പി. മുതൽ ഹയർ സെക്കൻഡറി തലംവരെ പഠിക്കുന്ന കുട്ടികൾക്ക് സീഡ്റിപ്പോർട്ടറായി പ്രവർത്തിക്കാം.

# 4 ശുചിത്വം, ആരോഗ്യം

- വിദ്യാർഥികളിൽ ശുചിത്വബോധവും ശീലവും വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാം.
- 'പൊതുസ്ഥലങ്ങളിൽ തുപ്പുന്നത് നിർത്തൂ, പരിസരം ശുചിത്വത്തോടെ സൂക്ഷിക്കൂ...' പൊതുസ്ഥലങ്ങളിൽ തുപ്പുന്നതിനെതിരേ ബോധവത്കരണം.
- പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിനെതിരേയുള്ള ബോധവത്കരണം.
- ജനങ്ങളെ ബോധവത്കരിക്കാൻ വേണ്ടിയുള്ള പ്രചാരണങ്ങൾ, തെരുവുനാടകം, തുടങ്ങിയവ നടത്താം.
- ആരോഗ്യ ബോധവത്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാം.
- വിദ്യാർഥികൾക്ക് വ്യക്തിത്വവികസന, നൈപുണ്യ ക്ലാസുകൾ നൽകാം.
- ലവ് പ്ലാസ്റ്റിക് പദ്ധതി നടപ്പിലാക്കാം.
- നിത്യജീവിതത്തിൽ വ്യായാമത്തിന്റെ ആവശ്യകത.
- വാട്ടർ ബെൽ സംവിധാനം നടപ്പിലാക്കാം.





സീഡ് മാപ്പിങ്ങിന്റെ മാതൃക

## സീഡ് മാപ്പിങ്

സീഡ് വിദ്യാർഥികൾ അവരുടെ പ്രദേശത്തെ പരിസ്ഥിതിപ്രശ്നങ്ങൾ, ലഭ്യമായ പ്രാദേശിക റിസോഴ്സസ് (ജൈവവൈവിധ്യ ഉദ്യാനം, തണ്ണീർത്തടങ്ങൾ, കുളങ്ങൾ, കാർഷിക മേഖലയുള്ള പ്രദേശങ്ങൾ, ചരിത്രസ്മാരകങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ) എന്നിവയെക്കുറിച്ച് തയ്യാറാക്കുന്ന പഠനമാണ് സീഡ് മാപ്പിങ്.





# 5 ജൈവവൈവിധ്യ സംരക്ഷണം

- ജൈവവൈവിധ്യ സെൻസസ് സ്കൂൾതലത്തിലും പ്രാദേശികതലത്തിലും തയ്യാറാക്കാം.
- നാട്ടുപൂക്കളുടെ പ്രദർശനം, അവയെ കൂടുതൽ അടുത്തറിയുന്നതിന് ക്ലാസുകൾ.
- അന്യംനിന്നുപോകുന്ന ചെടികളെക്കുറിച്ചും ജീവികളെക്കുറിച്ചും പഠനം.
- തീരദേശ ജൈവവൈവിധ്യ സംരക്ഷണം.

## ജൈവവൈവിധ്യ ഡിജിറ്റൽ രജിസ്റ്റർ

മരത്തിന്റെ പേര്, ശാസ്ത്രീയ നാമം, കുടുംബം, പ്രാദേശിക പേരുകൾ, പൂവിടുന്നതും കായ്ക്കുന്നതുമായ കാലഘട്ടം, പ്രധാന സ്വഭാവസവിശേഷതകൾ എന്നിവ ഉൾക്കൊള്ളുന്ന ജൈവവൈവിധ്യ ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കുക.

## സീതാരാമൻ അവാർഡ്

പ്രൊഫ. എസ്. സീതാരാമൻ-വിദ്യാർഥികളെ പ്രകൃതിയോടൊപ്പം നടത്താൻ മുന്നിട്ടിറങ്ങിയ പരിസ്ഥിതിപ്രവർത്തകൻ. അധ്യാപകന്റെ കൃത്യതയും ഗവേഷകന്റെ ഉൾക്കാഴ്ചയുമായി അദ്ദേഹം തുടക്കം മുതൽ സീഡിനോടൊപ്പമുണ്ടായിരുന്നു. ആശയങ്ങളിലൂടെ അദ്ദേഹം ഇപ്പോഴും നമ്മോടൊപ്പമുണ്ട്. ആ ഓർമയ്ക്കായി ഏർപ്പെടുത്തിയതാണ് സീതാരാമൻ പുരസ്കാരം. പരിസ്ഥിതിപ്രവർത്തനങ്ങളിൽ സീഡിനൊപ്പം സഞ്ചരിക്കുന്ന വ്യക്തിക്കാണ് ഈ പുരസ്കാരം നൽകുക. അവാർഡിനുള്ള നാമനിർദേശം സീഡ് ഫൈനൽ റിപ്പോർട്ടിനൊപ്പം സമർപ്പിക്കാം. ഉൾക്കാഴ്ചയോടെ പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആരെയും അവാർഡിന് നിർദേശിക്കാം.

# തുടർപ്രവർത്തനങ്ങൾ

## തുളസി വനം



വിവിധയിനം തുളസികൾ കണ്ടെത്തുകയും നട്ട് സംരക്ഷിക്കുകയും ചെയ്യുക.

## എന്റെ തെങ്ങ്




മാതൃഭൂമി സീഡും നാളികേര വികസന ബോർഡും ചേർന്ന് കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കിയ പദ്ധതിയാണ് എന്റെ തെങ്ങ്. കേരവൃക്ഷങ്ങൾ നട്ട് പരിരക്ഷിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തെങ്ങിന്റെ വിവിധ ഭാഗങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഉത്പന്നങ്ങളുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കാം.

## നാട്ടുമാഞ്ചോട്ടിൽ

കേരളത്തിലെ നാട്ടുമാവിനങ്ങളെ തിരിച്ചറിയുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി തുടങ്ങിയ പദ്ധതിയാണ് നാട്ടുമാഞ്ചോട്ടിൽ. കൂടുതൽ ഇനങ്ങൾ തിരിച്ചറിയുന്നതിനും അവ സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കാം. ഇതിന്റെ ഭാഗമായി നാട്ടുമാവിനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കാം .




## സീഡ് പോലീസ്



സ്കൂൾപ്രവർത്തനങ്ങളോടൊപ്പം പരിസ്ഥിതിപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ കഴിവുള്ള കുട്ടികളെയാണ് സീഡ് പോലീസായി നിയോഗിക്കേണ്ടത്. ഈ വർഷം താഴെ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങളിൽ സീഡ് പോലീസ് കൂടുതൽ ശ്രദ്ധ നൽകണം.

- ഭക്ഷണം പാഴാക്കുന്നതിനെതിരേ
- വിദ്യാർഥികൾ വെള്ളം കുടിക്കുന്നത് ഉറപ്പുവരുത്തുന്നതിന്
- ജലദുരുപയോഗം തടയുന്നതിന്
- ലഹരിയുപയോഗം തടയുന്നതിന്
- മാലിന്യനിക്ഷേപം തടയുന്നതിന്
- പ്ലാസ്റ്റിക് കത്തിക്കുന്നതിനെതിരേ
- ട്രാഫിക് ബോധവത്കരണത്തിന്

## ജെം ഓഫ് സീഡ്

സീഡ് പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ മികവ് പ്രദർശിപ്പിക്കുന്ന വിദ്യാർഥികൾക്കുള്ള അംഗീകാരമാണ് ജെം ഓഫ് സീഡ്. ഈ വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അധ്യാപക കോ-ഓഡിനേറ്റർമാർക്ക് ഇതിനായി വിദ്യാർഥികളുടെ പേരുകൾ നിർദേശിക്കാം. ജെം ഓഫ് സീഡ് ചെയ്ത വേറിട്ടപ്രവർത്തനങ്ങളുടെ വിശദാംശങ്ങളും നൽകണം.



## പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടം



പൂമ്പാറ്റകളുടെയും പൂച്ചെടികളുടെയും സംരക്ഷണത്തിനായി ആരംഭിച്ച പദ്ധതിയാണിത്. പൂമ്പാറ്റകളെ ആകർഷിക്കുന്ന ചെടികൾ നട്ട് സംരക്ഷിക്കുകയും പൂമ്പാറ്റകളെ തിരിച്ചറിയുകയും ചെയ്യാം.

## വാഴയ്ക്കൊരു കൂട്ട്



വാഴ നട്ട് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കാം. വിവിധയിനം വാഴകൾ സ്കൂൾ കാമ്പസിൽ നട്ടുപിടിപ്പിക്കുകയും ചെയ്യാം. വാഴയുടെ വിവിധ ഭാഗങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കരകൗശലവസ്തുക്കളുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കാം.

## മധുരവനം

ഫലവൃക്ഷങ്ങൾ നട്ട് സംരക്ഷിക്കുന്നതിനുള്ള പദ്ധതിയാണിത്. കൂടുതൽ ഫലവൃക്ഷത്തൈകൾ നട്ട് വിപുലപ്പെടുത്താൻ ശ്രമിക്കണം.



## കടലാമയ്ക്കൊരു കൈത്തൊട്ടിൽ




കടലാമസംരക്ഷണത്തിനുള്ള ബോധവത്കരണ പ്രവർത്തങ്ങൾ ഈ വർഷവും തുടരാം

# സംസ്ഥാനതലത്തിലെ മികച്ച വിദ്യാലയങ്ങൾ

## സീഡ് വിശിഷ്ട ഹരിതവിദ്യാലയങ്ങൾ 2009 മുതൽ 2021

| | |
|---|---|
| 2009-10 | എസ്.എൻ.ഡി.പി. ഹൈസ്കൂൾ നീലീശ്വരം, എറണാകുളം |
| 2010-11 | ജവഹർ നവോദയ വിദ്യാലയം ലക്കിടി, വയനാട് |
| 2011-12 | എസ്.വി.ജി.വി.എച്ച്.എസ്.എസ്. കിടങ്ങന്നൂർ, പത്തനംതിട്ട |
| 2012-13 | എച്ച്.ഡി.പി.സമാജം എച്ച്.എസ്. എടതിരിഞ്ഞി, തൃശ്ശൂർ |
| 2013-14 | വി.വി.എച്ച്.എസ്.എസ്. താമരക്കുളം, ആലപ്പുഴ |
| 2014-15 | ജി.യു.പി.എസ്. ഭീമനാട് പാലക്കാട് |
| 2015-16 | ജി.യു.പി.സ്കൂൾ, എരഞ്ഞിമങ്ങാട്, മലപ്പുറം |
| 2016-17 | കൂത്തുപറമ്പ് എച്ച്.എസ്.എസ്. തൊക്കിലങ്ങാടി, കണ്ണൂർ |
| 2017-18 | ജി. വി. എച്ച്.എസ്.എസ്. രാജകുമാരി, ഇടുക്കി |
| 2018-19 | ആർ.ജി.എം.എച്ച്.എസ്.എസ്. മൊകേരി, കണ്ണൂർ |
| 2019-20 | ജി.വി.എച്ച്.എസ്.എസ്. കരുനാഗപ്പള്ളി, കൊല്ലം |
| 2020-21 | മങ്കര വെസ്റ്റ് ബേസിക് ആൻഡ് യു.പി. സ്കൂൾ, പാലക്കാട് |
| 2021-22 | എസ്.എൻ.യു.പി. സ്കൂൾ, പോത്തിൻകണ്ടം, ഇടുക്കി |



seasonwatch

## അടുത്തറിഞ്ഞ് മരങ്ങളെ പഠിക്കാൻ സീസൺ വാച്ച്

കാലാവസ്ഥാമാറ്റത്തിനനുസരിച്ച് മരങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തുന്ന സിറ്റിസൺ സയൻസ് പ്രോജക്ടാണ് സീസൺവാച്ച്. തിരഞ്ഞെടുത്ത 25 ഇനം വൃക്ഷങ്ങളെക്കുറിച്ചാണ് പഠനം. ഇതുവരെ നടത്തിയ പഠനത്തിന്റെ ശാസ്ത്രീയ വിവരങ്ങൾ സീസൺവാച്ച് വെബ്സൈറ്റിൽ കാണാം. സീഡിൽ രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും സീസൺവാച്ച് പദ്ധതിയുടെ ഭാഗമാകാം. എങ്ങനെയാണ് മരങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ രേഖപ്പെടുത്തേണ്ടതെന്ന് സീസൺവാച്ച് വെബ്സൈറ്റിലുണ്ട്. സീസൺവാച്ച് പദ്ധതിയിൽ വിവരങ്ങൾ രേഖപ്പെടുത്താൻ സഹായിക്കുന്ന മൊബൈൽ ആപ് ഗൂഗിൾ പ്ലേസ്റ്റോറിൽനിന്ന് സൗജന്യമായി ലഭിക്കും.

Website: www.seasonwatch.in/seed

## ലവ് പ്ലാസ്റ്റിക്

പ്ലാസ്റ്റിക് മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്നതിനായി 2011 മുതൽ സീഡിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ലവ് പ്ലാസ്റ്റിക്. സ്കൂളിലും വീട്ടിലും തരംതിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴിയോ നേരിട്ടോ പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റുകൾക്ക് കൈമാറുന്ന പദ്ധതിയാണിത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.





# സീഡ് - പരിസ്ഥിതിയനുബന്ധ ദിനാചരണ കലണ്ടർ

| | |
|---|---|
| **2022 ജൂൺ** | |
| 5 | ലോക പരിസ്ഥിതി ദിനം |
| 7 | ലോക ഭക്ഷ്യസുരക്ഷാ ദിനം |
| 8 | ലോക സമുദ്ര ദിനം |
| 12 | ലോക ബാലവേലവിരുദ്ധ ദിനം |
| 14 | ലോക രക്തദാന ദിനം |
| 17 | ലോക മരുവത്കരണവിരുദ്ധ ദിനം |
| 19 | വായന ദിനം |
| 21 | അന്തർദേശീയ യോഗ ദിനം, ലോക സംഗീത ദിനം |
| 26 | അന്തർദേശീയ ലഹരിമരുന്നു വിരുദ്ധ ദിനം |
| **2022 ജൂലായ്** | |
| 1 | ഡോക്ടേഴ്സ് ദിനം |
| 11 | ലോക ജനസംഖ്യാ ദിനം |
| 21 | ചാന്ദ്ര ദിനം |
| 28 | പ്രകൃതിസംരക്ഷണ ദിനം |
| 29 | ലോക കടുവ ദിനം |
| **2022 ഓഗസ്റ്റ്** | |
| 6 | ഹിരോഷിമ ദിനം |
| 9 | പുനരുപയോഗ ദിനം, നാഗസാക്കി ദിനം, ക്വിറ്റ് ഇന്ത്യാ ദിനം |
| 12 | ലോക ആന ദിനം |
| 15 | സ്വാതന്ത്ര്യ ദിനം |
| 19 | ഫോട്ടോഗ്രഫി ദിനം |
| 20 | ലോക കൊതുക് (നിവാരണ) ദിനം |
| 22 | ലോക നാട്ടറിവ് ദിനം |
| 29 | ദേശീയ കായിക ദിനം, ആണവപരീക്ഷണവിരുദ്ധ ദിനം |
| **2022 സെപ്റ്റംബർ** | |
| 2 | ലോക നാളികേര ദിനം |
| 5 | അധ്യാപക ദിനം |
| 8 | ലോക സാക്ഷരതാ ദിനം |
| 16 | ഓസോൺ ദിനം |
| 18 | ലോക മുള ദിനം |
| 21 | അൽഷിമേഴ്സ് ദിനം |
| 25 | ലോക പുഴ ദിനം, ലോക ബധിര ദിനം |
| **2022 ഒക്ടോബർ** | |
| 1 | ലോക വൃദ്ധ ദിനം |
| 2 | ഗാന്ധിജയന്തി |
| 4 | ലോക മൃഗക്ഷേമ ദിനം |
| 9 | ലോക തപാൽ ദിനം |
| 10 | ലോക മാനസികാരോഗ്യ ദിനം |
| 11 | അന്താരാഷ്ട്ര ബാലിക ദിനം |
| 15 | ആഗോള കൈകഴുകൽ ദിനം, ലോക വിദ്യാർഥി ദിനം |
| 6 | ലോക ഭക്ഷ്യ ദിനം |
| 17 | ലോക ദാരിദ്ര്യനിർമാർജന ദിനം |
| 24 | ഐക്യരാഷ്ട്ര ദിനം |
| **2022 നവംബർ** | |
| 1 | കേരളപ്പിറവി ദിനം |
| 5 | ലോക സുനാമി ദിനം |
| 10 | അന്താരാഷ്ട്ര ശാസ്ത്ര ദിനം |
| 11 | ദേശീയ വിദ്യാഭ്യാസ ദിനം |
| 12 | ദേശീയ പക്ഷിനിരീക്ഷണ ദിനം |
| 14 | ശിശുദിനം, ലോക പ്രമേഹ ദിനം |
| 17 | സാർവദേശീയ വിദ്യാർഥി ദിനം |
| 20 | ബാലാവകാശ ദിനം |
| 26 | ദേശീയ ഭരണഘടനാ ദിനം |
| **2022 ഡിസംബർ** | |
| 1 | ലോക എയ്ഡ്സ് ദിനം |
| 2 | ദേശീയ മലിനീകരണ നിയന്ത്രണ ദിനം |
| 3 | ലോക ഭിന്നശേഷി ദിനം |
| 4 | നാവികസേനാ ദിനം |
| 5 | ലോക മണ്ണ് ദിനം |
| 10 | മനുഷ്യാവകാശ ദിനം |
| 11 | ലോക പർവത ദിനം |
| 14 | ദേശീയ ഊർജസംരക്ഷണ ദിനം |
| 23 | ദേശീയ കർഷക ദിനം |
| **2023 ജനുവരി** | |
| 12 | ദേശീയ യുവജന ദിനം |
| 25 | ദേശീയ വിനോദസഞ്ചാര ദിനം |
| 26 | റിപ്പബ്ലിക് ദിനം |
| 29 | ദേശീയ പത്ര ദിനം |
| **2023 ഫെബ്രുവരി** | |
| 2 | ലോക തണ്ണീർത്തട ദിനം |
| 4 | ലോക കാൻസർ ദിനം |
| 20 | ലോക സാമൂഹികനീതി ദിനം |
| 21 | ലോക മാതൃഭാഷാ ദിനം |
| 27 | അന്തർദേശീയ ധ്രുവക്കരടി ദിനം |
| 28 | ദേശീയ ശാസ്ത്ര ദിനം |
| **2023 മാർച്ച്** | |
| 1 | വിവേചനരഹിത ദിനം |
| 3 | ലോക വന്യജീവി ദിനം |
| 8 | ലോക വനിതാദിനം |
| 14 | അന്തരാഷ്ട്ര പുഴസംരക്ഷണ ദിനം |
| 20 | ലോക കുരുവി ദിനം |
| 21 | ലോക വന ദിനം |
| 22 | ലോക ജല ദിനം |
| 23 | ലോക കാലാവസ്ഥാ ദിനം |
| **2023 ഏപ്രിൽ** | |
| 2 | ലോക ഓട്ടിസം അവബോധ ദിനം |
| 6 | അന്താരാഷ്ട്ര കായിക ദിനം |
| 7 | ലോക ആരോഗ്യ ദിനം |
| 18 | ലോക പൈതൃക ദിനം |
| 22 | ഭൗമ ദിനം |
| 23 | ലോക പുസ്തക ദിനം |
| **2023 മേയ്** | |
| 12 | ലോക ദേശാടനപ്പക്ഷി ദിനം |
| 15 | അന്താരാഷ്ട്ര കുടുംബ ദിനം |
| 22 | അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനം |
| 23 | ലോക ആമ ദിനം |
| 31 | ലോക പുകയിലവിരുദ്ധ ദിനം |

## സീഡ് ഡിജിറ്റൽ മാഗസിൻ :'ആകാശപ്പച്ച'

### കൊച്ചുകൊച്ചു വലിയ ചിന്തകൾക്ക് ഇടമൊരുക്കി

# 'ആകാശപ്പച്ച'

ആകാശനീലിമ പച്ചപ്പുകൊണ്ട് മറയണം എന്ന ആശയമാണ് മാഗസിൻ മുന്നോട്ടുവയ്ക്കുന്നത്. മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രകൃതിസൗഹൃദ നിലപാടുകൾക്കുള്ള ഡിജിറ്റൽ ഇടമാണ് ഇത്.

വിജ്ഞാനക്കുറിപ്പുകൾ, കൗതുകങ്ങൾ, കഥകൾ, കവിതകൾ തുടങ്ങി പന്ത്രണ്ട് വിഭാഗങ്ങളിലായി തീരെ ചെറിയ രചനകളാണ് ഇതിൽ ഉൾപ്പെടുത്തുന്നത്. മൊബൈൽ ഫോണിലും ടാബിലും ലാപ്ടോപ്പിലും സുഗമമായി വായിക്കാവുന്ന ഡിജിറ്റൽ മാഗസിൻ മാതൃഭൂമി സീഡിന്റെ വെബ്പേജിലും ഫേസ്ബുക്ക് പേജിലും ലഭ്യമാണ്.

സോഷ്യൽമീഡിയകളിലും ഗ്രൂപ്പുകളിലും പങ്കുവെച്ച് കൂടുതൽ വായനക്കാരിലേക്ക് എത്തിക്കാം. ആകാശപ്പച്ചയുടെ വരും ലക്കങ്ങളിലേക്കുള്ള രചനകൾ akashapacha@mpp.co.in എന്ന മെയിൽ ഐഡിയിലേക്ക് അയക്കുകയോ അതത് ജില്ലയിലെ സീഡ് കോ-ഓഡിനേറ്റർമാരെ ഏല്പിക്കുകയോ ചെയ്യാം.




## സീഡിന് ലഭിച്ച പ്രധാന ബഹുമതികൾ




- CSR ഹെൽത്ത് ഇംപാക്റ്റ് ഗോൾഡ് അവാർഡ് - 2022
- CSR TIMES AWARD 2021 – വിദ്യാഭ്യാസവിഭാഗത്തിൽ (വെള്ളി)
- ഏറ്റവും ഉത്തരവാദിത്വമുള്ള CSR എക്സിക്യൂട്ടീവ് നോളജ് ലൈൻസ് അവാർഡ്
- കേരള കൃഷിവകുപ്പിന്റെ പ്രത്യേക അവാർഡ്.
- CSR TIMES AWARD 2020-ഗ്രീൻ & എൻവയോൺമെന്റ് സ്റ്റെവാർഡ്ഷിപ് (വെള്ളി)
- കോർപ്പറേറ്റ് സോഷ്യൽ ക്രൂസേജർ ഓഫ് ദ ഇയർ - IAA യുടെ ഗോൾഡ് അവാർഡ് (2014, 2017, 2019)
- രാജീവ് ഗാന്ധി ജന്മസപ്തതി പുരസ്കാരം 2019
- NIPM മികച്ച കോർപ്പറേറ്റ് സിറ്റിസൺ അവാർഡ് (2016, 2019)
- വേൾഡ് യങ് റീഡർ പ്രൈസ് ഗോ ഗ്രീൻ ടോപ്പ് അവാർഡ് 2014 (WAN-IFRA)
- IAA ഒലിവ് ക്രൗൺ അവാർഡുകൾ 2013
- ഒലിവ് ക്രൗൺ ഹരിത പുരസ്കാരം 2012
- WAN- IFRA YOUNG READER PRIZE 2011, 2013
- കേരള വനംവകുപ്പ് ഏർപ്പെടുത്തിയ വനമിത്ര പുരസ്കാരം.



## Contacts

THIRUVANANTHAPURAM
**Smt. Anjali Rajan**
(Unit Manager) 0471 2461071

KOLLAM
**Mr. N.S. Vinod Kumar**
(Regional Manager) 0474 2790761

PATHANAMTHITTA
**Mr. Praveen Krishnan**
(Chief Correspondent) 0468 2228678

KOTTAYAM
**Mr. T. Suresh**
(Unit Manager) 0481 2568055

ALAPPUZHA
**Mr. Manish Kumar**
(Unit Manager) 0477 2230864

IDUKKI
**Smt. M. Bilina**
(Special Correspondent) 0486 2227465

ERNAKULAM
**Smt. P. Sindhu**
(Unit Manager) 0484 2884200

THRISSUR
**Mr. Vinod P. Narayan**
(Unit Manager) 0487 2423284

PALAKKAD
**Mr. S. Amal Raj**
(Unit Manager) 0491 2521900

MALAPPURAM
**Mr. C. Suresh Kumar**
(Regional Manager) 0483 2745800

KOZHIKODE
**Mr. C. Manikandan**
(Sr. Regional Manager) 0495 2765381

WAYANAD
**Mr. T.V. Raveendran**
(Manager Books) 0493 6202378

KANNUR
**Mr. Jagadish G.**
(Unit Manager) 0497 2825100

KASARAGOD
**Mr. K. Rajesh Kumar**
(Bureau Chief) 04994 230298

## സീഡ് വെബ്സൈറ്റ്

മാതൃഭൂമി സീഡിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സീഡ് വെബ്സൈറ്റിൽനിന്ന് മനസ്സിലാക്കാം. സീഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകളും ഫോട്ടോകളും വീഡിയോ ദൃശ്യങ്ങളുമെല്ലാം സൈറ്റിൽ (www.mbiseed.com) അപ്ലോഡ്ചെയ്യാം. സീഡ് കോ-ഓഡിനേറ്റർമാരായ അധ്യാപകർക്കും സീഡ് പ്രവർത്തകരായ കുട്ടികൾക്കും പ്രകൃതിസംബന്ധമായ ലേഖനങ്ങൾ സീഡ് വെബ്സൈറ്റിലേക്ക് നൽകാവുന്നതാണ്. ഇവ സീഡിന്റെ ഇ-മെയിൽ വിലാസത്തിലേക്ക് അയക്കണം.

Mathrubhumi Seed — Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

സ്കൂളിന്റെ വലുപ്പമോ കുട്ടികളുടെ എണ്ണമോ അവാർഡ് നിർണയത്തെ സ്വാധീനിക്കില്ല. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള സ്കൂളുകൾക്കും മുൻവർഷങ്ങളിൽ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

റിപ്പോർട്ടുകൾ കാര്യമാത്രപ്രസക്തവും ആവർത്തനം ഇല്ലാത്തതുമാവണം.

റിപ്പോർട്ടിനൊപ്പം സമർപ്പിക്കുന്ന Pendrive തുടങ്ങിയവയിൽ സ്കൂളിന്റെ പേരും അതിലെ ഉള്ളടക്കം എന്തെന്നും എഴുതണം.

മുൻവർഷങ്ങളിൽ അവാർഡ് കിട്ടിയത് വീണ്ടും ലഭിക്കുന്നതിന് തടസ്സമല്ല.

Seed Facebook page link
fb.com/mathrubhumiseedofficial

SEED website
SEED youtube
SEED Facebook

**For more details**

**SEED Project, C/o Mathrubhumi,**
**K.P. Kesavamenon Road, Kozhikode.**
**Website: www.mbiseed.com, E-mail: seed@mpp.co.in**

സീഡ് പദ്ധതി സംബന്ധിച്ച എല്ലാ തർക്കങ്ങളും കോഴിക്കോട് കോടതിയുടെ പരിധിയിൽ മാത്രമായിരിക്കും പരിഗണിക്കുക.

Seed
Student Empowerment for Environmental Development
2022-23
മാതൃഭൂമി
FEDERAL BANK
വിദ്യ

# 583 സമ്മാനങ്ങൾ!

# 23 ലക്ഷത്തോളം രൂപയുടെ ക്യാഷ് പ്രൈസ് !

## ട്രോഫികളും സർട്ടിഫിക്കറ്റുകളും!

- **വിശിഷ്ട ഹരിതവിദ്യാലയം പുരസ്കാരം**
  ഒന്നാം സമ്മാനം : 1 ലക്ഷം രൂപ
  രണ്ടാം സമ്മാനം : 75,000 രൂപ
  മൂന്നാം സമ്മാനം : 50,000 രൂപ
  കൂടാതെ സർട്ടിഫിക്കറ്റും

- റവന്യൂ ജില്ലയിലെ മികച്ച സ്കൂളിന് **ശ്രേഷ്ഠ ഹരിതവിദ്യാലയം പുരസ്കാരം** 25,000 രൂപയും സർട്ടിഫിക്കറ്റും

- ഓരോ വിദ്യാഭ്യാസജില്ലയിലെയും മികച്ച മൂന്ന് സ്കൂളുകൾക്ക് **ഹരിതവിദ്യാലയം പുരസ്കാരം**
  ഒന്നാം സമ്മാനം : 15,000 രൂപ
  രണ്ടാം സമ്മാനം : 10,000 രൂപ
  മൂന്നാം സമ്മാനം : 5,000 രൂപ
  സർട്ടിഫിക്കറ്റും

- റവന്യൂ ജില്ലയിലെ മികച്ച രണ്ട് എൽ.പി. സ്കൂളുകൾക്ക് **ഹരിതമുകുളം പുരസ്കാരം** 5,000 രൂപ വീതം

- **ഹരിതജ്യോതി പ്രശംസാപത്രം** വിദ്യാഭ്യാസജില്ലയിൽ മികച്ച പ്രവർത്തനം നടത്തുന്ന 6 വിദ്യാലയങ്ങൾക്ക്

- മികച്ച സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുകയും ബോധവത്കരണം നടത്തുകയും ചെയ്യുന്ന സ്കൂളുകൾക്ക് **സീഡ് സുരക്ഷാ പുരസ്കാരം** സംസ്ഥാനതലത്തിൽ മൂന്ന് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും
  ഒന്നാംസ്ഥാനം : 10,000 രൂപ
  രണ്ടാം സ്ഥാനം : 6,000 രൂപ
  മൂന്നാം സ്ഥാനം : 4,000 രൂപ
  ജില്ലാതലത്തിൽ മികച്ച സ്കൂളിന് പ്രശംസാപത്രം

- **എന്റെ കൃഷിത്തോട്ടം പദ്ധതിയിൽ** മികച്ച കൃഷിത്തോട്ടം ഒരുക്കിയ **കുട്ടിക്കർഷകർക്ക്** ജില്ലാതലത്തിൽ മൂന്ന് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും.
  ഒന്നാം സ്ഥാനം : 5,000 രൂപ
  രണ്ടാം സ്ഥാനം : 3,000 രൂപ
  മൂന്നാം സ്ഥാനം : 2,000 രൂപ

- സംസ്ഥാനതലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തിക്ക് **സീതാരാമൻ പുരസ്കാരം** (ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ് )

- ഓരോ വിദ്യാഭ്യാസജില്ലയിലും മികച്ച സീഡ് അധ്യാപകർക്ക് **ബെസ്റ്റ് ടീച്ചർ കോഡിനേറ്റർ പുരസ്കാരം** 5000 രൂപയും സർട്ടിഫിക്കറ്റും

- വിദ്യാഭ്യാസജില്ലാതലത്തിൽ സീഡ് പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ മികവ് കാട്ടുന്ന വിദ്യാർഥികൾക്ക് **ജെം ഓഫ് സീഡ് പുരസ്കാരം** സർട്ടിഫിക്കറ്റും

- ഏറ്റവും മികച്ച സീഡ് റിപ്പോർട്ടർമാർക്ക് വിദ്യാഭ്യാസ ജില്ലാതലത്തിൽ **ബെസ്റ്റ് സീഡ് റിപ്പോർട്ടർ പുരസ്കാരം** പ്രശസ്തിപത്രം

Printed at The Mathrubhumi Press, Ramanattukara , Kozhikode